## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1517** **12-02-2025 - ൽ മറുപടിയ്ക്ക്**

## വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിന് വേണ്ടി പുതുതായി എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും ഇതിന്മേൽ ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്നും എത്ര തുക ആർക്കെല്ലാം നൽകാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റെസ (RESA) വികസനത്തിന് വേണ്ടി 12.543 ഏക്കർ ഭൂമി ഏറ്റെടുത്ത് 19/10/2023 തീയതിയിൽ എയർപോർട്ട് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | സ്ഥലം ഏറ്റെടുപ്പിനോടനുബന്ധിച്ച് നിലവിലുള്ള വീടുകൾ, മറ്റ് കെട്ടിടങ്ങൾ, സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് പ്രവേശനം അപ്രാപ്യമായതിനെ സംബന്ധിച്ച് എത്ര പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 4 പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പിനോടനുബന്ധിച്ച് നിലവിലുള്ള വീടുകൾ, മറ്റ് കെട്ടിടങ്ങൾ, സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്കുള്ള പ്രവേശനം തടസപ്പെടാത്ത രീതിയിൽ നിർമ്മാണപ്രവർത്തികൾ നടത്താൻ 18/12/2024 തീയതിയിൽ നടന്ന സംയുക്ത പരിശോധനയിൽ ജില്ലാ കളക്ടർ എയർപോർട്ട് ഡയറക്ടർക്ക് വാക്കാൽ നിർദ്ദേശം നൽകിയിട്ടുള്ളതും ഇപ്പോൾ വഴി തടസപ്പെട്ടിട്ടില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്. പുതിയ ക്രോസ് റോഡിനുവേണ്ടി 8 മീറ്റർ വീതിയിൽ പ്രപ്പോസൽ സമർപ്പിച്ചിരുന്നു എങ്കിലും PWD റോഡ്സ് വിഭാഗം നാളിതുവരെയായിട്ടും അർത്ഥന (റിക്വിസിഷൻ) സമർപ്പിച്ചിട്ടില്ല. |
| (സി) | ഭാവിയിൽ ഉണ്ടാകാനിടയുള്ള വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് പുതുതായി ഭൂമി ഏറ്റെടുക്കണം എന്നാവശ്യപ്പെട്ട് എയർപോർട്ട് അതോറിറ്റി സർക്കാരിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | 2047 ഓടുകൂടി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് വേണ്ടി 436 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ ലഭ്യമായത് പ്രകാരം ജില്ലാ കളക്ടറുടെ കാര്യലയത്തിലെ ജീവനക്കാരും എയർപോർട്ട് അതോറിറ്റിയുടെ ടെക്നിക്കൽ ടീമും സംയുക്ത പരിശോധന നടത്തിയിരുന്നു. എന്നാൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള അതിർത്തികൾ എയർപോർട്ട് അതോറിറ്റി വ്യക്തമാക്കിയിട്ടില്ല. മാസ്റ്റർ പ്ലാൻ പ്രകാരം ഏറ്റെടുക്കേണ്ട ഭൂമിയുടെ സ്കെച്ച് പ്രകാരം ആവശ്യമായ അളവുകളും അതിർത്തിയും കോഓർഡിനേറ്റുകളും വ്യക്തമാക്കുവാൻ പരിജ്ഞാനമുള്ള എയർപ്പോർട്ട് അതോറിറ്റിയുടെ |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദഗ്ധർ ഉൾകൊള്ളുന്ന ടീമിനെ സംയുക്ത പരിശോധനക്ക് നൽകുന്നതിനു വേണ്ടി എയർപ്പോർട്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഭൂമി ഏറ്റെടുക്കാനുള്ള സർക്കാർ അനുമതിയോ 11(1) നോട്ടിഫിക്കേഷനോ വരുന്നതിനുമുമ്പ് ഭാവിയിലെ വികസനത്തിന് തടസ്സമാകുമെന്നുകണ്ട് വിമാനത്താവളത്തിനോട് ചേർന്ന് കിടക്കുന്ന ഭൂമിയിൽ വീട് വയ്ക്കുന്നതിന് നിരാക്ഷേപ പത്രം നൽകാത്ത എയർപോർട്ട് അതോറിറ്റിയുടെ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇടപെടുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ വിഷയം ജില്ലാ കളക്ടർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| നഷ്ടപരിഹാരം നൽകുന്നതിന് വേണ്ടി അനുവദിച്ച തുക | 72,59,43,974/- രൂപ |
| ആവശ്യമായ രേഖകൾ സമർപ്പിച്ച 76 കുടുംബങ്ങൾക്ക് വിതരണം ചെയ്ത തുക | 69,69,25,871/- രൂപ |
| രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതിനാൽ സെക്ഷൻ 77(2) പ്രകാരം കോടതിയിൽ കെട്ടിവെച്ച തുക | 2,89,90,782/- രൂപ |
| മൊത്തം ചെലവഴിച്ച തുക | 72,59,16,653/- രൂപ |
| ബാക്കി തുക | 27,321/- രൂപ |
| കണ്ടിജൻസി ചാർജ്ജിനത്തിൽ അനുവദിച്ച തുക | 25,00,000/- രൂപ |
| കണ്ടിജൻസി ചാർജ്ജിനത്തിൽ ചെലവഴിച്ച തുക | 10,20,572/-രൂപ |
| ബാക്കി | 14,79,428/- രൂപ |